# സംസ്ഥാന ഭിന്നശേഷി കമ്മീഷണറുടെ കോടതി

**ആഞ്ജനേയ, റ്റി.സി 9/1023 (1), ഗ്രൗണ്ട് ഫ്ളോർ, ശാസ്തമംഗലം, തിരുവനന്തപുരം - 695 010**

**ഹാജർ: ശ്രീ. എസ്.എച്ച് . പഞ്ചാപകേശൻ, സംസ്ഥാന ഭിന്നശേഷി കമ്മീഷണർ**

**OP (RPWD) No.4707/S2/2021**

**2022 ഏപ്രിൽ മാസം 19-ാം തീയതി**

| | | |
|---|---|---|
| ഹർജികക്ഷി | : | ശ്രീമതി. പ്രഭാകുമാരി. കെ<br>ഭാവന,<br>അയിരൂപ്പാറ<br>തിരുവനന്തപുരം - 695 584 |
| എതിർകക്ഷി | : | സെക്രട്ടറി<br>പോത്തൻകോട് ഗ്രാമപഞ്ചായത്ത്,<br>തിരുവനന്തപുരം |

**ഈ കേസിൽ** അവസാന വാദം 13.04.2022 തീയതിയിൽ നടന്നിട്ടുള്ളതും **അതിന്റെ അടിസ്ഥാനത്തിൽ ഈ കോടതി ഇന്നേ** ദിവസം താഴെ പറയുന്ന ഉത്തരവ് **പുറപ്പെടുവിക്കുന്നു.**

## ഉത്തരവ്

ഭിന്നശേഷിക്കാരിയായ ഹർജിക്കാരി പോത്തൻകോട് ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന ആളും, സംസ്ഥാനത്തെ ഒരു മുന്നോക്ക സമുദായ അംഗവുമാണ് എന്നും, താൻ സാമ്പത്തികമായി വളരെ പിന്നാക്കാവസ്ഥയിൽ കഴിയുകയാണ് എന്നും, എന്നാൽ സ്വന്തമായി ഭൂമിയോ, വീടോ ഇല്ലാതിരിക്കുന്ന തന്നെ, എതിർകക്ഷി പോത്തൻകോട് ഗ്രാമപഞ്ചായത്ത് നടത്തിയ സാമ്പത്തിക സർവ്വേയുടെ ഗുണഭോക്താവാകുന്നതിൽ നിന്നും മന:പൂർവ്വം ഒഴിവാക്കി എന്നും അതിനാൽ തന്റെ ഭിന്നശേഷി അവകാശം ലംഘിക്കപ്പെട്ടു എന്നും മറ്റുമുള്ള പരാതിയുമായാണ് ടിയാൾ സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റിൽ ഈ ഹർജി ഫയൽ ചെയ്തത്.

2. കമ്മീഷണറേറ്റിൽ നിന്നും ഈ കേസിൽ തനിക്ക് നോട്ടീസ് ലഭിച്ചു എന്നും, മന:പൂർവ്വമായി ഹർജിക്കാരിക്ക് ആരും തന്നെ യാതൊരു ദ്രോഹവും ചെയ്തിട്ടില്ല എന്നും, എതിർകക്ഷി പോത്തൻകോട് ഗ്രാമപഞ്ചായത്തിനു വേണ്ടി സെക്രട്ടറി വിശദമായ റിപ്പോർട്ട് ഹാജരാക്കി.

3. ടി റിപ്പോർട്ട് വിശദമായി പരിശോധിച്ചു. ഓൺലൈൻ ഹിയറിംഗ് കേസിൽ നടത്തി. മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്തുന്നതിനായി കുടുംബശ്രീ മുഖാന്തിരം സർവ്വേ നടത്തിയത് ശരിയാണ് എന്നും, ടി സർവ്വേയിൽ കണ്ടെത്തിയ വിവരങ്ങൾ സോഫ്റ്റ്‌വെയർ മുഖാന്തിരം update ചെയ്യുന്ന ജോലികൾ 15.12.2021 ൽ പൂർത്തീകരിച്ചു

എന്നും, എന്നാൽ 24.12.2021 ൽ മാത്രമാണ് ഈ കേസിലെ ഹർജിക്കാരി ടി സർവ്വേ സംബന്ധിച്ച അപേക്ഷ പോത്തൻകോട് ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചത് എന്നും അതിനാൽ ഹർജിക്കാരിയുടെ അപേക്ഷ ടി സർവ്വേയിൽ പരിഗണിക്കാൻ കഴിഞ്ഞില്ല എന്നും ടി ഗ്രാമപഞ്ചായത്തു സെക്രട്ടറി ഓൺലൈൻ മീറ്റിംഗിൽ അറിയിച്ചു. ടി വിവരങ്ങൾ രേഖപ്പെടുത്തി. നിലവിൽ ടി സോഫ്റ്റ്വെയർ വഴി പുതിയ entry കൾ ഒന്നും തന്നെ നടത്താൻ കഴിയില്ല എന്നും, ഇതു സംബന്ധിച്ച അടുത്ത സർവ്വേയിൽ ഹർജിക്കാരിയുടെ കാര്യം പരിഗണിക്കുന്നതാണ് എന്നും സെക്രട്ടറി വ്യക്തമാക്കി. ടി സംഗതിയും രേഖപ്പെടുത്തി.

4. ടി വസ്തുതകളുടെ അടിസ്ഥാനത്തിൽ ഇപ്പോൾ ഹർജിയിൽ തുടർനടപടികൾ ആവശ്യമില്ല എന്നു കാണുന്നു. സർക്കാർ പുതിയതായി ടി സർവ്വേ ആരംഭിക്കാൻ ഉത്തരവു തരുന്ന മുറയ്ക്ക് ഹർജികക്ഷിയുടെ ടി അപേക്ഷ എതിർകക്ഷി പോത്തൻകോട് ഗ്രാമപഞ്ചായത്ത് പരിഗണിക്കേണ്ടതാണ് എന്നും, അതുസംബന്ധിച്ച സർക്കാർ ഉത്തരവ് വരുമ്പോൾ ഈ ഉത്തരവിലെ നിർദ്ദേശങ്ങൾ രേഖാമൂലം എതിർകക്ഷി പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഹർജിക്കാരിക്ക് അവകാശമുണ്ട് എന്ന നിരീക്ഷണത്തോടെ ഹർജിയിലെ തുടർനടപടികൾ അവസാനിപ്പിച്ചു.

5. ഈ ഉത്തരവിന്റെ സൗജന്യ പകർപ്പ് ഇരു കക്ഷികൾക്കും കമ്മീഷണറേറ്റിൽ നിന്നും താമസം കൂടാതെ അയച്ചു കൊടുക്കാൻ നിർദ്ദേശിക്കുന്നു.

ഇപ്രകാരം ഹർജിയിലെ നടപടികൾ അവസാനിപ്പിച്ചു.

2022 ഏപ്രിൽ മാസം 19–ാം തീയതി

ഒപ്പ്/-
എസ്.എച്ച്.പഞ്ചാപകേശൻ,
സംസ്ഥാന ഭിന്നശേഷി കമ്മീഷണർ

<u>അനുബന്ധം:</u> ഇല്ല

ഒപ്പ്/-
എസ്.എച്ച്.പഞ്ചാപകേശൻ,
സംസ്ഥാന ഭിന്നശേഷി കമ്മീഷണർ

ഉത്തരവിൻ പ്രകാരം

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ